**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2130

26.03.2013- ലെ മറുപടിക്ക്

**കാർഷിക ഗ്രാമ വികസന ബാങ്കുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര കാർഷിക ഗ്രാമ വികസന ബാങ്കുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്; | (എ) | സംസ്ഥാനത്ത് ഇപ്പോൾ 63 കാർഷിക ഗ്രാമവികസന ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി റവന്യൂ-താലൂക്കായി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു റവന്യൂ താലൂക്കായി നിജപ്പെടുത്തിയിട്ടുണ്ട്. |
| സി) എങ്കിൽ ഒരു താലൂക്ക് പരിധിയിൽ ഒന്നിലധികം ബാങ്കുകൾ പ്രവർത്തിച്ച വരുന്നവ എത്രയെണ്ണമുണ്ട് എന്നും, താലൂക്കുകളുടെയും ബാങ്കുകളുടെയും വിശദാംശവും ലഭ്യമാക്കാമോ; | (സി) | ഒരു താലൂക്ക് പരിധിയിൽ ഒന്നിലധികം ബാങ്കുകൾ പ്രവർത്തിച്ച വരുന്നവ രണ്ടെണ്ണമുണ്ട്. തളിപ്പറമ്പ് താലൂക്കിലെ ഇരിക്കൂർ ബ്ലോക്ക് കണ്ണൂർ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പരിധിയിലും, നെടുമങ്ങാട് താലൂക്കിലെ കരകുളം ആര്യനാട്, വെള്ളനാട്, കുറ്റിച്ചൽ പൂവച്ചൽ, അരുവിക്കര എന്നീ വില്ലേജുകൾ തിരുവനന്തപുരം കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പരിധിയിലും ആണ്. |
| ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കു കളിൽ എത്രയെണ്ണമാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്; | (ഡി) | 31.03.2011 ൽ അവസാനിച്ച സാമ്പത്തിക വർഷം ലഭിച്ച 48 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ 10 ബാങ്കുകൾ തന്നാണ്ട് നഷ്ടത്തിലും 27 ബാങ്കുകൾ സഞ്ചിത നഷ്ടത്തിലും 2011-12 സാമ്പത്തിക വർഷം 63 പ്രാഥമിക ബാങ്കുകളിൽ ഇതുവരെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച 26 ബാങ്കുകളിൽ 6 എണ്ണം തൻവർഷം നഷ്ടത്തിലും 11 ബാങ്കുകൾ സഞ്ചിത നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| ഇ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ പുനരുദ്ധരിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| എഫ്) | ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എഫ്) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് നിലവിലുള്ള നഷ്ടം നികത്തുന്നതിനും പ്രവർ ത്തനം കാര്യക്ഷമമാക്കി അവയെ പുനരുദ്ധരിപ്പി ക്കുന്നതിനും വേണ്ടി അതാത് ബാങ്കുകൾക്ക് അനുയോജ്യമായ പാക്കേജുകൾ ഉണ്ടാക്കി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നൽകി വരുന്നു. ഈ ഗണത്തിൽ വരുന്ന ബാങ്കുകൾക്ക് നൽകുന്ന വിവിധ തരം വായ്പകൾക്ക് വർദ്ധിച്ച വിഹിതം നൽകുക, കുടിശ്ശിക ഇനത്തിൽ ബാങ്കിനു കിട്ടേണ്ട തുക പിരിച്ചെടുക്കുന്നതിനുള്ള ഊർ ജ്ജിത നടപടികൾ സ്വീകരിക്കുക, നിലവിലുള്ള ബാങ്കിന്റെ പ്രവർത്തന ചെലവ് പരമാവധി കുറയ്ക്കുക, ജീവനക്കാരുടെ കാര്യക്ഷമമായ സേവനം ഉറപ്പു വരുത്തുക മുതലായ തീവ്രയത്ന പരിപാടി വഴി ബാങ്കിൽ നിലനിൽക്കുന്ന നഷ്ടം പരിഹരിക്കുകയും, നഷ്ടം ഇനി ഉണ്ടാവാതിരി ക്കുവാനും വേണ്ട നടപടികളാണ് പ്രധാനമായും ടി ബാങ്ക് സ്വീകരിച്ചിരിക്കുന്നത്.<br>ബാങ്കുകളുടെ പ്രവർത്തന പുരോഗതി അതാത് മേഖലയിലുള്ള മേഖലാ ഓഫീസുകളിൽ നടത്തുന്ന പ്രതിമാസ മീറ്റിംഗുകളിലും 3 മാസത്തിലൊരിക്കൽ വിശദമായി നടത്തുന്ന ജില്ലാതല അവലോകന യോഗത്തിലും ചർച്ച ചെയ്ത് വേണ്ട നടപടികൾ ടി ബാങ്ക് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ